വാരാദ്യ മാധ്യമം
varadyam@madhyamam.in



ഹിമാലയ പർവതങ്ങളിൽ കാണുന്ന അപൂർവ ഇനം പക്ഷിയാണ് മൊണാൽ. നേപ്പാളിൻെറ ദേശീയ പക്ഷിയും ഉത്തരാഖണ്ഡിൻെറ സംസ്ഥാന പക്ഷിയും ആയ ഈ ബഹുവർണപ്പറവകളെ തേടി ഉത്തരാഖണ്ഡിലെ നൈനിതാളിനടുത്ത സത്താൾ ഗ്രാമത്തിലും ചോപ്തയിലെ മഞ്ഞുമലകളിലും എത്തിയ ലേഖകൻ അവയെ കാമറയിൽ പകർത്തിയ അനുഭവം പറയുകയാണ് ഇവിടെ

● മൊണാൽ



● മൊണാൽ (പെൺ)

# മൊണാലിനെ തേടി ഹിമാലയത്തിൽ

എഴുത്തും ചിത്രങ്ങളും

**മൊയ്തു വാണിമേൽ**



ഇന്ത്യൻ പറവകളിൽ അധികവും മഞ്ഞും കുളിരും ഇഷ്ടപ്പെടുന്നവരാണോ? സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനമനുസരിച്ച് ഇന്ത്യയിലെ പക്ഷിവർഗങ്ങളിൽ 80 ശതമാനത്തെയും ഹിമാലയൻ താഴ്വരകളിൽ കണ്ടെത്താം. ഹിമാലയ പർവതനിരകൾ സ്ഥിതിചെയ്യുന്ന സംസ്ഥാനങ്ങൾക്ക് പുറത്തുള്ള പക്ഷികളിൽ മിക്കതിനെയും ഇവിടെ കാണാമെന്ന് ചുരുക്കം. അവിടെനിന്ന് പൊള്ളുന്ന കേരളത്തിലേക്ക് ദേശാടനം നടത്തുന്ന പക്ഷികളുമുണ്ട്. ഉദാഹരണത്തിന് സ്വർഗം നഷ്ടപ്പെട്ട നാഗമോഹൻ (paradise flycatcher).

എൻെറ ഹിമാലയ യാത്രയുടെ പ്രധാന ലക്ഷ്യം ഹിമാലയൻ മൊണാലിനെ നേരിൽ കാണുകയും കാമറയിൽ പകർത്തുകയുമായിരുന്നു. പക്ഷിപ്പടങ്ങൾക്കു മാത്രമായുള്ള ചില വെബ്സൈറ്റുകളിൽ മൊണാലിൻെറ ബഹുവർണ പടങ്ങൾ കണ്ടിട്ടുണ്ട്. ഇളം പച്ച നിറവും സ്പൂണുകളുടെ ആകൃതിയിൽ തലയിൽ ഉയർന്നുനിൽക്കുന്നതുമായ കിരീടത്തൂവലുകളാണ് എന്നെ ഏറെ ആകർഷിച്ചത്. ഹിമാലയൻ താഴ്വരകളിൽ മറ്റെങ്ങും കാണാത്ത നിറഭേദങ്ങളോടെ വിവിധ പോസുകളിൽ ഇരിക്കുകയോ ഇര തേടുകയോ പറക്കുകയോ ചെയ്യുന്ന പലജാതി പക്ഷിവർഗങ്ങളെ വെബ്സൈറ്റുകളിൽ കാണാറുണ്ട്. അവ ഇതര സംസ്ഥാനങ്ങളിൽ കാണപ്പെടാത്തവയും വർണ വൈവിധ്യങ്ങളാൽ സമ്പന്നവുമായിരുന്നു. ആ അത്ഭുതലോകം നേരിൽ കാണണമെന്ന ആശ ഏറെനാളായി മനസ്സിൽ കൊണ്ടുനടക്കുന്നു.

ഡൽഹിയിലേക്ക് വിമാനം കയറുന്നതിനു മുമ്പേ ഇന്ത്യൻ ഹിമാലയ താഴ്വരകളിലെ പക്ഷികളെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ വായിച്ചറിയാൻ ശ്രമിച്ചിരുന്നു. അപ്പോഴാണ് മൊണാലുകൾ മൂന്ന് തരമുണ്ടെന്നു മനസ്സിലാകുന്നത്. ഹിമാലയൻ മൊണാൽ, ചൈനീസ് മൊണാൽ, സ്ക്ലാറ്റേഴ്സ് മൊണാൽ (Sclater's monal). ചൈനീസ് മൊണാലുകളുടെ ആവാസകേന്ദ്രം ചൈന തന്നെ. സ്ക്ലാറ്റേഴ്സിൻേറത് വടക്കു കിഴക്കൻ ഇന്ത്യയാണ്. കൂടാതെ ബർമ, തിബത്ത് എന്നീ രാജ്യങ്ങളിലും കാണുന്നുണ്ട്. ഹിമാലയൻ മൊണാലിനെ ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, സിക്കിം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലെ ഹിമാലയൻ താഴ്വരകളിലും കിഴക്കൻ അഫ്ഗാനിസ്താൻ, കശ്മീർ, തിബത്ത്, ഭൂട്ടാൻ എന്നിവിടങ്ങളിലും കാണപ്പെടുന്നു.

മൂന്നിനം മൊണാലുകളിലും അതി സുന്ദരർ ആൺ മൊണാലുകളാണ്. പെൺ മൊണാലിന് പ്രധാനമായും നാല് നിറങ്ങളാണുള്ളത്. കടും തവിട്ട്, കറുപ്പ്, വെളുപ്പ് നിറങ്ങൾ കൂടാതെ കണ്ണിനു ചുറ്റും ഇളം നീല നിറവുമുണ്ട്. ആൺ മൊണാലിന് ഒമ്പതു നിറങ്ങളുണ്ട്. മഴവില്ലിനെക്കാൾ രണ്ടു നിറങ്ങൾ അധികം. തലയിലെ അഭിമാന തൂവലുകൾക്ക് ലോഹ ഹരിത നിറം. വാലിന് ആകർഷകമായ ചെമ്പൻ നിറം. വാലിൻെറ അറ്റത്തെത്തുമ്പോൾ നിറത്തിനു കട്ടി കൂടിക്കൂടി വരും. നീല, പച്ച, കറുപ്പ്, മഞ്ഞ, തവിട്ട്, ചുവപ്പു നിറങ്ങളും അവയുടെ വകഭേദങ്ങളും അടക്കം ഒമ്പതു നിറങ്ങൾ. ഒമ്പതു നിറത്തിലുള്ള തൂവലുകളുമായി ജീവിക്കുന്ന ആൺ മൊണാൽ ഹിമാലയത്തിൻെറ അഭിമാനവും ശ്രദ്ധാകേന്ദ്രവുമാണ്.

ഓക്ക് മരങ്ങളും ദേവദാരുക്കളും നിറഞ്ഞ തുറന്ന പുൽമേടുകളും പാറക്കൂട്ടങ്ങളുമാണ് ഇവ അധിവസിക്കാൻ തെരഞ്ഞെടുക്കുന്നത്. നേപ്പാളിലെ ദേശീയ പക്ഷിയാണ് ഹിമാലയൻ മൊണാൽ. ഉത്തരാഖണ്ഡിൻെറ സംസ്ഥാന പക്ഷിയും. ഇംപെയൻ മൊണാൽ (Impeyan monal) എന്ന പേരിലും ഇവ അറിയപ്പെടുന്നു. മേരി ഇംപെയ് (Mery Impey) എന്ന ബ്രിട്ടീഷുകാരിയോടുള്ള ആദരസൂചകമായാണ് ഈ പേര് വന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ബംഗാളിലെ ചീഫ് ജസ്റ്റിസ് ആയിരുന്ന എലൈജ ഇംപെയിയുടെ (Elijah Impey) ഭാര്യയായിരുന്നു അവർ. 17ാം നൂറ്റാണ്ടിൻെറ അവസാന കാലത്ത് ബംഗാളിലെ പക്ഷികളുടെയും മൃഗങ്ങളുടെയും ചെടികളുടെയും സംരക്ഷണത്തിനുവേണ്ടി അവർ ചെയ്ത സേവനങ്ങളുടെ പേരിലായിരുന്നു ഇത്. വിവിധ ചിത്രകാരന്മാരെകൊണ്ട് ഇവിടത്തെ പക്ഷി മൃഗാദികളുടെയും ചെടികളുടെയും വലിയ യഥാതഥ ചിത്രങ്ങൾ വരപ്പിച്ച അവർ ഈ ചിത്രങ്ങൾ പിന്നെ ലേലം ചെയ്തു. ഇവ പല രാജ്യങ്ങളും ഇന്നും സൂക്ഷിക്കുന്നു. ഇവയെ ഇംപെയ് ആൽബം എന്ന് അറിയപ്പെടുന്നു.

നാട്ടുകാരനും സുഹൃത്തും ഫോട്ടോഗ്രാഫറുമായ നെൽസൺ ആണ് ഉത്തരാഖണ്ഡിലെ പക്ഷി വൈവിധ്യങ്ങളെ കുറിച്ചും അവയുടെ വർണശോഭയെ കുറിച്ചും ആദ്യമായി പറഞ്ഞത്. അദ്ദേഹം ലഖ്നോവിലെ ഒരു ഗവേഷകൻ കൂടിയാണ്. നൈനിതാളിനടുത്ത് സത്താൾ (Sattal) ഗ്രാമത്തിൽ മൂന്ന് ഹൈഡുകളുണ്ടെന്നും അവിടെ ഇരുന്നാൽ വളരെ അടുത്തുനിന്ന് പക്ഷികളുടെ പടമെടുക്കാനാകുമെന്നും ഉപദേശിച്ചത് നെൽസൺ തന്നെ. അവിടത്തെ രണ്ടു ഗൈഡുകളുടെ മൊബൈൽ നമ്പറും തന്നു. അതിലൊരാളായ രോഹിത് നയാലുമായി ഫോണിൽ ബന്ധപ്പെടുകയും അടുത്ത പാക്കേജിൽ ഞാനുമുണ്ടാകുമെന്നു അറിയിക്കുകയും ചെയ്തു. രോഹിത് ചെറുപ്പക്കാരനും പക്ഷിനിരീക്ഷകനും നല്ലൊരു ഫോട്ടോഗ്രാഫറുമാണ്. ഫോറസ്ട്രിയിൽ ബിരുദാനന്തര ബിരുദം കഴിഞ്ഞശേഷം ടൂറിസം ഗൈഡായി ജോലിചെയ്തുവരുന്നു. രോഹിതിൻെറ അനുജൻ സന്ദീപ് നയാലും ഇപ്പോൾ ഗൈഡായി കൂടെയുണ്ട്. സത്താൾ ഗ്രാമത്തിലെ ഒരു ആശ്രമത്തിനടുത്തുവെച്ചാണ് ഞങ്ങൾ രാവിലെ ഏഴരക്ക് കണ്ടുമുട്ടിയത്. ലഗേജുകൾ മറ്റൊരു കാറിലേക്കുമാറ്റിയ ശേഷം നേരെ ആശ്രമത്തിനകത്തെ ഹൈഡിലേക്കു കൊണ്ടുപോയി.

## ഹൈഡ് എന്ന പുതുതന്ത്രം

പക്ഷികൾക്ക് ഇഷ്ടപ്പെട്ട പഴങ്ങൾ, ധാന്യങ്ങൾ, കുടിക്കാനും കുളിക്കാനുമുള്ള വെള്ളം എന്നിവ മരത്തണലിൽ പലയിടത്തായി വെക്കും. പക്ഷികൾക്ക് പറന്നുവന്നിരിക്കാൻ മരക്കൊമ്പുകളും ഒരുക്കിയിട്ടുണ്ടാകും. അവിടെ ദിവസവും വിവിധ ഇനത്തിൽപെട്ട ധാരാളം പക്ഷികൾ തിന്നാനും കുടിക്കാനും കുളിക്കാനുമായി എത്തും. നാലഞ്ചു മീറ്റർ അകലത്തിൽ പച്ച നൈലോൺ വലകൾകൊണ്ട് മറച്ച ചെറിയ ഷെഡ് ഉണ്ടാകും. അതിനകത്ത് നാലഞ്ചു പേർക്കിരിക്കാം. പുറത്തേക്കു കാണാനും ഫോട്ടോ എടുക്കാനും കുറച്ചു വലിയ ഓട്ടകളുണ്ടാകും. അതാണ് ഹൈഡ്. രാവിലെയും വൈകീട്ടുമായി രണ്ടു സെഷനുകൾ ഉണ്ടാകും. ഒരു സെഷന് ഇരുന്നു പടമെടുക്കാൻ ഫീസ് 300 രൂപ.

ഒരു പരിചയവുമില്ലാത്ത നാല് ഫോട്ടോഗ്രാഫർമാർക്കിടയിൽ കാമറയുമായി ഞാനും ഒരു സീറ്റിൽ ഇരുന്നു. തൊട്ടടുത്ത് പലയിനം പക്ഷികൾ. പല നിറക്കാർ. സ്വഭാവക്കാർ. അത്രയടുത്ത് ഒരിക്കലും കാണാത്ത കുറെ പക്ഷികളെ കണ്ടതോടെ ഞാൻ കാമറ സെറ്റ് ചെയ്തു. ക്ലിക്ക് ചെയ്യാനും തുടങ്ങി. കാലത്ത് മരങ്ങളുടെ നിഴലിലായിരുന്നതിനാൽ പടത്തിൽ വെളിച്ചവും തെളിച്ചവും കുറവ്. ഞാൻ അതിനനുസരിച്ചു വീണ്ടും കാമറ സെറ്റ് ചെയ്തു പടമെടുക്കാൻ തുടങ്ങി. തൊട്ടടുത്തിരിക്കുന്ന വലിയ വലിയ ഫോട്ടോഗ്രാഫർമാരെ മറന്നു. പല കോണുകളിൽ, പല വെളിച്ചത്തിൽ പല പോസുകളിൽ ഞാൻ അവയുടെ പടങ്ങളെടുത്തു. കുറെ നല്ല പടങ്ങൾ കിട്ടുകയും ചെയ്തു. ഒമ്പതരയോടെ സന്ദീപ് വന്നു വിളിച്ചു. ഇനി റൂമിലേക്ക് പോകാം. പ്രഭാത ഭക്ഷണം കഴിക്കാം. തലേന്നു രാത്രി എട്ടു മണിക്ക് ഭക്ഷണം കഴിച്ച ശേഷം ഇന്നു രാവിലെ നൈനിതാളിൽവെച്ച് ഒരു കട്ടൻ ചായ കുടിച്ചതാണ്. വിശപ്പിനെക്കുറിച്ച് അപ്പോൾ ഓർമ വന്നു. ഞാൻ അവരോടൊപ്പം കാറിൽ റൂമിലെത്തി. എൻെറ ലഗേജുകൾ റൂമിൽ ഭദ്രം. പല്ലു തേപ്പും മറ്റും കഴിഞ്ഞ് കാൻറീനിലെത്തി. അവിടെ എന്നെപ്പോലെ ഭക്ഷണം കഴിക്കാൻ എത്തിയ സംഘത്തിൽ മൂന്ന് മലയാളികളും. അവർ ഗൾഫുനാടുകളിൽ ജോലിചെയ്യുന്നവരായിരുന്നു. പക്ഷിപ്പടങ്ങൾക്കായി നേരെ സത്താളിൽ എത്തിയതാണ്. മൂന്നു ദിവസമായി ഇവിടെ. നാളെ തിരിച്ചു പോകും. എൻെറ മുറിക്കടുത്തുതന്നെയായിരുന്നു അവരുടെ മുറിയും. പറഞ്ഞുവന്നതും ഞങ്ങൾ സുഹൃത്തുക്കളായി. അവിടെ വെച്ചുതന്നെ ഫേസ്ബുക്കിൽ അവർ ഫ്രൻഡ് റിക്വസ്റ്റ് അയച്ചു. അവരുടെ പേജുകളിലെത്തി നോക്കിയപ്പോഴാണ് എല്ലാവരും അറിയപ്പെടുന്ന പക്ഷിനിരീക്ഷകരും ഫോട്ടോഗ്രാഫർമാരുമാണെന്ന് മനസ്സിലായത്. എല്ലാം മികച്ച ചിത്രങ്ങൾ. അപ്പോൾ തന്നെ അവരെ സുഹൃത്തുക്കളായി അംഗീകരിച്ചു.

## ചോപ്തയിലെ മഞ്ഞുമലകളിലേക്ക്

ചമോലി ജില്ലയിലെ ഒരു കൊച്ചുഗ്രാമമാണ് മണ്ടൽ. ചോപ്തയടക്കമുള്ള മഞ്ഞുമലകളിലേക്കുള്ള ട്രക്കിങ്ങിൻെറ ബേസ്ക്യാമ്പ് കൂടിയാണ് ഈ ഗ്രാമം.

ശേഷം പേജ് 2 ▸▸





● വ്യാജ മുഖവും കണ്ണുകളുമുള്ള കൊളാർഡ് ഔവ്‍ലറ്റ്



കവിത



# മടക്കം

സന്ധ്യ ഇ.

ചിലനേരത്ത് എല്ലാ വാക്കുകളും കൂടി
ഒരു പുറപ്പെട്ടു പോകലുണ്ട്
എങ്ങോട്ടെന്നു പറയാതെ.

പാതിയുറക്കത്തിൽ ഞെട്ടിയുണരുമ്പോൾ
കളിക്കാരൊഴിഞ്ഞ മൈതാനം പോലെ
തലച്ചോറ് ശൂന്യമാകലുണ്ട്.
ദാഹിക്കുമ്പോൾ  വെള്ളമെന്നു പറയാനാകാതെയും
ശ്വാസം മുട്ടുമ്പോൾ വായുവെന്നു പറയാനാകാതെയും
കുഴങ്ങലുണ്ട്.

രാത്രിയെന്നോ പകലെന്നോ
മനസ്സിലാവാതെ
ജനിച്ചതോ മരിച്ചതോയെന്നറിയാതെ
അങ്കലാപ്പാവലുണ്ട്.

കടലിന്നു നടുവിൽ
ഇളകാത്ത തിരമാല പോലെയോ
ആകാശത്തിൽ ഉറച്ചുപോയ
മേഘത്തുണ്ടുപോലെയോ
അപാരതക്കു മുന്നിൽ അന്തം വിട്ടൊരു
നിൽപുണ്ട്.

മരണത്തിന്നതീതമായതെന്തോ
അനുഭവിക്കുന്നത്
പകർത്താനാവാതെ
ലോകം പിൻവാങ്ങലുണ്ട്
കാലം നിശ്ചലമാകലുണ്ട്
നിശ്ശബ്ദത ചൂഴ്ന്നു നിൽക്കലുണ്ട്.

പിന്നീടെപ്പോഴോ
ഞാൻ എന്ന ബോധം ശിശുവായി പിറന്നു
അറിവിലേക്ക് വീഴലുണ്ട്
അത് പെട്ടെന്ന് കരയുകയും ചിരിക്കുകയും
വളരുകയും പൂർണരൂപം പ്രാപിക്കുകയും ചെയ്യുന്നതോടെ
പുറപ്പെട്ടു പോയതൊക്കെ
വിധേയത്വത്തോടെ
തിരിച്ചെത്തലുണ്ട്
കശപിശ ഉണ്ടാക്കലുണ്ട്
എല്ലാം എത്ര വേഗത്തിൽ എന്നമ്പരന്ന്
തരിച്ചുനിൽക്കാനുള്ളിടപോലും തരാതെ.

'മൗന'ത്തിന് വ്യാഖ്യാനം ചമച്ച ചില ഗാനങ്ങളെക്കുറിച്ച്

# മൗനത്തിൻെറ സങ്കീർത്തനങ്ങൾ

വിനോദ് കൃഷ്ണൻ

വാക്കുകൾക്കിടയിലെ മൗനം, വരികൾക്കിടയിലെ മൗനം, സാഹിത്യത്തെയെന്നപോലെ സംഗീതത്തെയും ധ്വന്യാത്മകമാക്കുന്നു. കേവലാർഥത്തിൽ നാദത്തിൻെറ വിപരീതമാണ് മൗനം. എന്നാൽ, മൗനം പലപ്പോഴും നാദത്തിൻെറ ലാവണ്യമാകുന്നു. നാദം മൗനത്തെ അർഥപൂർണമാക്കുകയും ചെയ്യുന്നു. പല മഹത്തുക്കളും നിശ്ശബ്ദതയെ ഏറ്റവും നല്ല സംഗീതോപകരണമാക്കിയിട്ടുണ്ട്. 'മൗന'ത്തിന് വ്യാഖ്യാനം ചമച്ച ചില ഗാനങ്ങളെക്കുറിച്ചാണ് ഇവിടെ പറയാനാഗ്രഹിക്കുന്നത്. മൗനത്തെ അനുഭവിപ്പിച്ചതിനാലാണ് ഈ ഗാനങ്ങൾ സൗന്ദര്യാനുഭൂതികളായി നമ്മിൽ അവശേഷിക്കുന്നത്.

ഭരതൻ-പത്മരാജൻ സംഗമത്തിലെ മികച്ചൊരു ചലച്ചിത്ര കാവ്യമായ 'തകര'യിൽ കടലാഴങ്ങളിൽനിന്ന് ഹൃദയാംബരത്തിലേക്ക് ചിറകുവീശിയുയരുന്ന ഒരപൂർവഗാനം നമ്മളിലിന്നും ചിറകടിക്കുന്നു:

'മൗനമേ... നിറയും മൗനമേ' എന്ന് എസ്. ജാനകി പാടിയതും ഒരു നിശ്വാസംപോലെ, നേർത്ത തേങ്ങൽപോലെ ഓടക്കുഴൽ മൗനത്തെ വരക്കുന്നു. തിരയിളക്കുന്നു കടൽ അവൾക്കുള്ളിലും പുറത്തും. കഥാനായികയെ ചൂഴുന്നത് അപാരമായ ഏകാന്തതയും മൗനവും വിരഹവും വിഷാദവും ചാലിക്കുന്ന പ്രകൃതി.

'ഇതിലെ പോകും കാറ്റിൽ
ഇവിടെ വിരിയും മലരിൽ
കുളിരായ് നിറമായ് ഒഴുകും ദുഃഖം
എന്നും നിന്നെത്തേടിവരും...'

പൂവച്ചൽ ഖാദറിൻെറ ഏറ്റവും മികച്ച രചനകളിലൊന്ന്. എം.ജി. രാധാകൃഷ്ണൻ എന്ന സംഗീതജ്ഞൻ നമ്മിൽ അടയാളപ്പെടുത്തിയ ഈണം. ശുഭപന്തുവരാളിയുടെ ശോകത്തെ അദ്ദേഹം വാറ്റിയെടുത്ത് ജാനകിയമ്മയുടെ തൊണ്ടയെയും രസനയെയും നനച്ച് വിഷാദാർദ്രമൗനത്തെ ചുറ്റും പടർത്തിയിരിക്കുന്നു.

ഇതേ രാഗത്തിൻെറ കുറെക്കൂടി സാന്ദ്രമായ അനുഭൂതി ജി. അരവിന്ദൻെറ 'ഉത്തരായന'ത്തിലെ ഒരു ഗാനത്തിലൂടെ രാഘവൻ മാസ്റ്റർ പകരുന്നുണ്ട്. രണ്ടു കവിൾ ലഹരിക്കായി സുഹൃദ്സദസ്സുകളിൽ പാടിനടക്കുന്ന രാത്രിഗായകൻെറ നാദത്തിൽ മൗനം മുഴങ്ങുന്നു. ജി. കുമാരപിള്ളയുടെ അസാധാരണമായ കവിത യേശുദാസിൻെറ മന്ദ്രശ്രുതിയിൽനിന്നുണർന്ന് -ആ ഹൃദയത്തിൽനിന്നുതന്നെയുയർന്ന് -ഒരു മഹാ വ്യസനമായി നമ്മെ ഗ്രസിക്കുന്നു. മന്ദ്രസ്ഥായിയിൽ തുടങ്ങി താരസ്ഥായിയിലെ ആലാപനത്താൽ നമ്മെ തപ്തവികാരത്താൽ ജ്വലിപ്പിക്കുകയും ഭ്രമിപ്പിക്കുകയും ചെയ്യുന്നു ആ ഗാനധാര.

'ഹൃദയത്തിൻ രോമാഞ്ചം സ്വരരാഗ ഗംഗയായ്
പകരുന്ന മണിവീണ മൂകമായി.'

'മൂകമായി' എന്നു പാടുന്നിടത്തെ ഒതുക്കവും സ്വരസൂക്ഷ്മതയും മൗനത്തെ എത്ര സുന്ദരമായാണ് അനുഭവിപ്പിക്കുന്നത്. 'മണിവീണമൂകമായി' എന്ന പ്രയോഗം മരണത്തെ ധ്വനിപ്പിക്കുന്നു. പശ്ചാത്തലത്തിലെ പുല്ലാങ്കുഴലിൻെറ വേദനയാർന്ന പിടച്ചിലുകൾ .

ചരണത്തിനൊടുക്കം.

'അവസാനദിവസത്തിൽ അവസാന നിമിഷത്തിൽ അടരുന്ന പാതിരാപ്പൂവു പോലെ.'

ആരോമലാൾ അവസാന നിദ്രയിലാവുന്നത് ഇതൊരു മരണഗീതം തന്നെയെന്ന് വ്യക്തമാക്കുന്നു. മരണത്തെ ദ്യോതിപ്പിക്കാൻ കവികൾ പലപ്പോഴും മൗനത്തെ ബിംബമാക്കുന്നു. വിമൂകത, നിശ്ശബ്ദത മരണത്തിൻെറ പ്രതീകമായിത്തീരുന്നു. 'ജെയിൽ' എന്ന ചിത്രത്തിൽ വയലാറിൻെറ ഇരുട്ടാർന്ന നിശ്ശബ്ദതയെ ദേവരാജൻ മാസ്റ്റർ ഏറെ വ്യത്യസ്തമായ ഈണമാക്കി മാറ്റുന്നുണ്ട് . തടവറയെയും ആകാശത്തെയും കറുപ്പിലും വെളുപ്പിലും വരക്കുന്ന ദൃശ്യങ്ങൾ. യേശുദാസിൻെറ ആഴവും മുഴക്കവുമുള്ള ആലാപനം, മൗനത്തിൻെറ ഗഹനത പകർന്നുതരുന്നു.

'മുന്നിൽ മൂകമാം ചക്രവാളം
പിന്നിൽ ശൂന്യമാം അന്ധകാരം
അന്ധകാരം... അന്ധകാരം'

അനന്തമായ വഴിയറ്റത്ത് മഹാമൗനമായി ചക്രവാളം. പിന്നിൽ ശൂന്യമായ അന്ധകാരം മാത്രം. ജീവിതത്തിൻെറ നിസ്സഹായതയും ഏകാന്തതയും പടർന്നുകിടക്കുന്ന ഗാനം. ഈ ഗാനത്തിലും കവി മരണത്തെ പ്രതീക്ഷിക്കുന്ന അവസ്ഥയുണ്ട്. മോഹങ്ങൾ കൊളുത്തിയ തിരിനാളത്തെ കാറ്റു കെടുത്തുമോ എന്ന സന്ദേഹം.

'പഞ്ചഭൂതങ്ങൾ തൻ പഞ്ജരത്തിന്നുള്ളിൽ
പുകയുന്ന തിരിനാളം' എന്ന വരികളിലൂടെ
പൊലിയാൻ പോകുന്ന ആ തിരിനാളം ജീവൻ തന്നെ എന്നുറപ്പിക്കുന്നുണ്ട്.

അപാരമായ ഏകാന്തതയെ, ശൂന്യതയെ അതിൻെറ മഹാമൗനത്തെ 'മൗനം' എന്ന പദമുപയോഗിക്കാതെ തന്നെ അനുഭവമാക്കുന്നുണ്ട് 'ഏകാന്തതയുടെ അപാരതീരം' എന്ന ഗാനത്തിലൂടെ എം .എസ്. ബാബുരാജ്. കമുകറയുടെ സമാനതകളില്ലാത്ത നാദം ആ അപാരതയെ വരച്ചിടുന്നു.

'തീരാത്ത വേദനയിൽ മുങ്ങി
വേഴാമ്പലുകൾ മയങ്ങി
വേദന... വേദന'

'ദാഹം' എന്ന ചിത്രത്തിൽ ദേവരാജൻ മാസ്റ്റർ മൗനത്തെയും വേദനയെയും ഒന്നാക്കി അലിയിക്കുന്നു. നേർത്ത പുല്ലാങ്കുഴൽ നാദവും ഗായകൻെറ പതിഞ്ഞ ആലാപനവും വല്ലാത്തൊരു മൗനത്തെ അനുഭവിപ്പിക്കുന്നുണ്ട്. യേശുദാസിൻെറ അനിതരമായ ശബ്ദനിയന്ത്രണമാണ് ഈ ഗാനത്തിൻെറ ജീവൻ.

'അന്തരാത്മാവിൽ അബോധതലങ്ങളിൽ
ആരോ പാടുവതാരോ, മൂകമായ്...'

എന്നു കവി പറയുംപോലെ ഈ ഗാനം ആത്മാവിനകം വിമൂകം ഒഴുകുന്നു.

പൂവിൻെറ ചൊടിയിലും ഭൂമിദേവിതൻ ആത്മാവിലും കൊച്ചുമൺതരിച്ചുണ്ടിൽ വരെയും പടരുന്ന മൗനമായി നമുക്കുള്ളിലെന്നും ആഴത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗാനമുണ്ട്. നിശ്ശബ്ദതയെ, മരണത്തെ, വേർപാടിനെ പതുക്കെ കാതിൽ മന്ത്രിക്കുന്ന ഗാനം. ഉള്ളിൽ പൊൻതൂവലൊതുക്കിപ്പിടയുന്ന നൊമ്പരമാകുന്ന ഗാനം. ഒ.എൻ.വിയുടെ കവിതക്ക് അത്ഭുത സംഗീതമായ ജോൺസൺ നൽകും മാന്ത്രികസ്പർശം. മൗനത്തിൻെറ മധുവൂറും നിത്യഗീതകം.

'എൻെറ മൺവീണയിൽ കൂടണയാനൊരു
മൗനം പറന്നു പറന്നു വന്നു
പാടാൻ മറന്നൊരാ പാട്ടിലെ തേൻകണം
പാറിപ്പറന്നു വന്നു.'

•



കെ. രാഘവൻ




എം.എസ്. ബാബുരാജ്



ജോൺസൺ



ജി. ദേവരാജൻ



കെ.ജെ. യേശുദാസ്



എം.ജി. രാധാകൃഷ്ണൻ

# മൊണാലിതേടി ഹിമാലയത്തിൽ

▸▸ പേജ് 1 തുടർച്ച

ഇവിടന്ന് മൂന്ന് മണിക്കൂർ കാർ യാത്രമതിയാകും ചോപ്ത യിലെത്താൻ. മിനി സ്വിറ്റ്സർലൻഡ് എന്നാണ് ചോപ്ത അറിയപ്പെടുന്നത്. കേദാർനാഥ് വന്യമൃഗസംരക്ഷണ കേന്ദ്രത്തിൻെറ പരിധിയിലാണ് ചോപ്ത. സമുദ്രനിരപ്പിൽനിന്ന്  8790 അടി ഉയരത്തിലാണ് ചോപ്ത സ്ഥിതിചെയ്യുന്നത്. ഋഷികേശിൽനിന്ന് ഏതാണ്ട് 162 കി.മീ ദൂരം. മാർച്ച് മുതൽ മേയ് മാസം വരെയാണ് ഇവിടെ മികച്ച കാലാവസ്ഥ. താപനില 10-30 ഡിഗ്രി സെൻറിഗ്രേഡിന് ഇടയിലായിരിക്കും. ജൂലൈ മുതൽ ഒക്ടോബർ വരെ മഴക്കാലമാണ്. നവംബർ മുതൽ മാർച്ച് വരെ ശക്തമായ മഞ്ഞുവീഴ്ചയുണ്ടാകും. താപനില മൈനസ് 15നും പ്ലസ് 15നും ഇടയിലാകും. മഞ്ഞുവീഴ്ച കാലത്ത് മിക്കപ്പോഴും പ്രധാന പാത അടച്ചിടേണ്ടി വരും.

മഞ്ഞുമലകളിലേക്കുള്ള യാത്രയിൽ  സഹയാത്രികൻ മലയാളി വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫർ  ശ്രീജേഷ് ആയിരുന്നു. രാവിലെ ആറിന്  ഞങ്ങളുടെ യാത്ര തുടങ്ങി. അരമണിക്കൂറിനകം ഞങ്ങൾ വനാന്തർഭാഗത്തെത്തി. ഏതാണ്ട് അഞ്ച് കി.മീ കഴിഞ്ഞതേയുള്ളൂ. ഗൈഡ് രോഹിത് ഡ്രൈവറോട് വണ്ടി നിർത്താൻ പറഞ്ഞു. റോഡരികിലെ മരത്തിൽ ഏതോ കുഞ്ഞുപക്ഷിയെ കണ്ടാണ് പറഞ്ഞത്. രോഹിതും ശ്രീജേഷും പുറത്തിറങ്ങി പടമെടുക്കാൻ തുടങ്ങി. എൻെറ കണ്ണുകൾക്ക് ആ പക്ഷിയെ കണ്ടെത്താൻ കഴിയുന്നതിനു മുമ്പെ അത് പറന്നുപോയി. അതിനിടയിൽ ഡ്രൈവറാണ് മറ്റൊരു ചെറുമരത്തിൽ മറ്റൊരു പക്ഷിയെ ചൂണ്ടിക്കാണിച്ചത്. അതോടെ രോഹിത് ആവേശത്തിലായി.  കൂടുതൽ മികച്ച പടം കിട്ടാൻ അവർ കാട്ടിനുള്ളിലേക്ക് കയറി. ഞാൻ റോഡരികിൽ കുന്തിച്ചിരുന്ന് കാൽമുട്ടുകളിൽ കൈമുട്ടുകൾ ചേർത്ത് കൃത്രിമ ട്രൈപോഡ് ഒരുക്കി. പടമെടുക്കാൻ തുടങ്ങി. ഓറഞ്ചുനിറത്തിൽ അതിൻെറ വലിയ വട്ടക്കണ്ണുകൾ തിളങ്ങി. പേടിപ്പിക്കുന്ന  നോട്ടമായിരുന്നു അത്. അവർ അടുത്തുനിന്ന് ക്ലിക് ചെയ്യുന്ന ശബ്ദം കേട്ട് പക്ഷി അവർക്കുനേരെ തലതിരിച്ചു. അപ്പോഴാണ്  ശരിക്കും അമ്പരന്നത്. അതിൻെറ മുഖത്തിനുപിറകിൽ അതിലും പേടിപ്പിക്കുന്ന മറ്റൊരു മുഖം. രണ്ട് കണ്ണുകൾ. കൊക്ക്... ആകെ ഇരുണ്ട മുഖം. ഞാനാമുഖം കാമറയിൽ പല തവണ പകർത്തി.  അത് വീണ്ടും എന്നെ തുറിച്ചു നോക്കാൻ തുടങ്ങി. അവർ കുറെ പടങ്ങളെടുത്ത ശേഷം കൂടുതൽ അടുത്തേക്ക് നീങ്ങി. ഞാൻ റോഡരികിൽതന്നെ ഇരുന്ന് പടങ്ങളെടുത്തുകൊണ്ടിരുന്നു. ഇതിനിടയിൽ പക്ഷി എങ്ങോ പറന്നുപോയി. റോഡിലേക്ക് തിരിച്ചെത്തിയ രോഹിത് ആ പക്ഷിയെക്കുറിച്ച് വിശദീകരിച്ചു. കൊളാർഡ് ഓവ്ലെറ്റ് (Collared Owlet). ഏഷ്യയിലെ ഏറ്റവും ചെറിയ നത്ത്. വളരെ അപൂർവമായേ ഇതിനെ കാണാൻ കിട്ടാറുള്ളൂ. നിറങ്ങളുടെ പ്രത്യേകത കാരണം അതിനെ പെട്ടെന്ന്  കണ്ടെത്താനാവില്ല. കാമോഫ്ലാഷ് എന്ന് ശാസ്ത്രീയമായി പറയും. നിങ്ങൾ ഭാഗ്യവാന്മാരാണ്.  അതിൻെറ വ്യാജ മുഖവും കണ്ണുകളും ശ്രദ്ധിച്ചോ? ഞാനതിൻെറ വ്യാജമുഖം പലതവണ കാമറയിൽ പകർത്തിയിരുന്നു.  ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ ഇങ്ങനെ വ്യാജമുഖവുമായി കഴിയുന്ന ഒരു ജീവിയെ ആദ്യമായാണ് കാണുന്നത്. മറ്റേതെങ്കിലും ജീവിവർഗത്തിന് ഈ പ്രത്യേകതയുണ്ടോ  എന്നറിയില്ല. വിവിധയിനം പക്ഷികളുടെ ശബ്ദം അനുകരിക്കുന്നതിൽ വിദഗ്ധനായിരുന്നു ഗൈഡ് രോഹിത്. ചില പ്രത്യേക സ്ഥലങ്ങളിലെത്തിയാൽ  വണ്ടി നിർത്താൻ പറയും. കാറിൽനിന്ന് പുറത്തിറങ്ങി ചില പക്ഷി ശബ്ദങ്ങൾ പുറപ്പെടുവിക്കും.  മിക്കപ്പോഴും  പക്ഷികളുടെ മറുകൂക്ക് കേൾക്കും. അതുകേട്ടാൽ അടുത്തെവിടെയോ ഉദ്ദേശിച്ച പക്ഷിയുണ്ടെന്നുറപ്പ്. മൊബൈൽ ഫോണിൽ ശേഖരിച്ചുവെച്ച  പക്ഷിയുടെ ശബ്ദം ഓൺചെയ്തു വെക്കും. അതുകേട്ട് പക്ഷി അടുത്തേക്ക് വരും. ഞങ്ങൾ മറഞ്ഞിരിക്കും. അടുത്തെത്തുമ്പോൾ  പടങ്ങളെടുക്കും. കാമറകളുടെ ക്ലിക്ക് ശബ്ദം കേൾക്കുമ്പോൾ അപകടം മണത്ത് പറന്നുപോകുന്നവയുമുണ്ട്. ചോപ്തയിലേക്ക് മൂന്ന് കി.മീ എന്ന് സൂചിപ്പിക്കുന്ന  മൈൽക്കുറ്റിക്കടുത്ത് ചെറുതെങ്കിലും സുന്ദരമായ ഒരുവെള്ളച്ചാട്ടമുണ്ട്. അതിൻെറ താഴത്തെ ചരുവിൽ ഹിമാലയൻ മൊണാലുകളെ കണ്ടു.  ഒരാണും മൂന്ന് പെണ്ണും. അവ മണ്ണിലും മഞ്ഞിലും കൊത്തിപ്പെറുക്കി നടപ്പാണ്. ഉടനെ  ഒളിഞ്ഞിരിക്കാനും  കാമറ സജ്ജമാക്കാനും രോഹിത് ആവശ്യപ്പെട്ടു.  മൊണാലുകൾ റോഡിലൂടെ എതിർവശത്തെ കുന്നിലേക്ക് കയറുമെന്നും റോഡിൽ കയറുമ്പോൾ പടമെടുക്കാമെന്നും നിർദേശിച്ചു. ഞങ്ങൾ കാമറയുമായി റോഡരികിൽ നിലത്തുകിടന്നും ഇഴഞ്ഞും മൊണാലിനെ കാണാവുന്ന തരത്തിൽ തയാറായി നിന്നു. റോഡിലേക്ക് നടന്നു വരുന്ന പടങ്ങളുമെടുത്തു.  നട്ടുച്ച നേരമാണ്. പടത്തിൽ മൊണാലിൻെറ ചിറകുകളുടെ യഥാർഥ നിറം സൂര്യ വെളിച്ചമേറ്റ് വിളറിപ്പോകുകയോ ചിതറിപ്പോകുകയോ ചെയ്തു.  കാമറയുടെ സ്പീഡും അപ്റേചറും കൂട്ടി വീണ്ടും ശ്രമം. ഇതിനിടയിൽ അപകടം മണത്ത മൊണാലുകൾ താഴേക്ക് തിരിച്ചുപോയി.  പടങ്ങൾ കിട്ടിയെങ്കിലും പോരാ പോരാ എന്ന് മനസ്സ് പറഞ്ഞുകൊണ്ടിരുന്നു.  ഇനി അവയെ കാത്തിരിക്കേണ്ടതില്ലെന്നും ഇന്ന് ചോപ്തയിലെ മഞ്ഞിൻ തണുപ്പേറ്റ് അവിടത്തെ  മുറിയിൽ അന്തിയുറങ്ങി നാളെ അതിരാവിലെതന്നെ  മൊണാലുകളെ തേടിയെത്താമെന്നും ഗൈഡ് സമാധാനിപ്പിച്ചു.

പിറ്റേ ദിവസം കാറിൽ കയറി സ്റ്റാർട്ട് ചെയ്യാൻ തുടങ്ങുമ്പോഴാണ് റോഡിൽ ഒരു ഹിമാലയൻ താർ (Himalayan Tahr) പ്രത്യക്ഷപ്പെട്ടത്.  വൈകാതെ ഇണയും ഒപ്പമെത്തി. അവയുടെ പടങ്ങളെടുക്കുന്നതിനിടയിൽ രണ്ടും താഴത്തെ കുത്തനെയുള്ള ഇറക്കത്തിലേക്ക് ചാടിപ്പോയി. താഴെ നിറയെ പാറക്കൂട്ടങ്ങളായിരുന്നു. കാറിൽനിന്നിറങ്ങി, അവ ചാടിപ്പോയ  കുത്തനെയുള്ള ഇറക്കത്തിൽ ഹിമാലയൻ താറുകളെ തിരഞ്ഞു.  വളരെ താഴെ ഒരു പാറക്കെട്ടിനടുത്ത് അവ മറഞ്ഞിരിക്കുന്നതു കണ്ടു. അവക്ക്  അപകടമൊന്നുമുണ്ടായില്ല എന്നതിൽ ആശ്വസിച്ചു. ഏത് ചരിവിലും ചാടിയിറങ്ങാനുള്ള പാടവവും അതിനനുസരിച്ച അവയവങ്ങളും അവക്കുണ്ടെന്ന് മനസ്സിലായി.   തലേന്ന് മൊണാലിനെ കണ്ട വെള്ളച്ചാട്ടത്തിനരികിലേക്ക് വീണ്ടും യാത്രയായി. ആ സ്ഥലത്ത് കാർ നിർത്തി കാമറകൾ സജ്ജമാക്കി കാത്തിരുന്നു. മൊണാലുകൾ താഴെയുണ്ടെന്നറിഞ്ഞ് വീണ്ടും നിരത്തിൻെറ അരികിൽ കിടന്നും  ഇഴഞ്ഞും ഞങ്ങൾ ഒളിഞ്ഞിരുന്നു. കുറെ കാത്തിരുന്നശേഷം മൊണാലുകൾ റോഡിലേക്ക് കയറി. കാമറകളുടെ ഒന്നിച്ചുള്ള ക്ലിക്ക് ശബ്ദം കേട്ടമാത്രയിൽ ആൺ മൊണാൽ മുകളിലേക്ക് പറന്നു. പെൺ മൊണാലുകൾ റോഡിലെത്തിയിരുന്നില്ല. മൊണാൽ പറക്കുന്ന പടവും കിട്ടി. പക്ഷേ,  അപ്രതീക്ഷിതമായതിനാൽ പടം മികച്ചതായില്ല. മുകളിലെ പാറക്കെട്ടിൽ മറഞ്ഞിരുന്ന് ആവശ്യത്തിന് പടങ്ങളെടുത്തു. അടക്കാനാവാത്ത ആഹ്ലാദത്തോടെ  ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. അടുത്ത ഫെബ്രുവരിയിലെ മഞ്ഞുവീഴ്ചക്കാലത്ത്  വീണ്ടും എത്താമെന്ന പ്രതീക്ഷയോടെ.

•

## കത്തുകൾ




### കഥയല്ല, ജീവിതം തന്നെ

അസ്സലാം പി എഴുതിയ 'പതിയെ തുറക്കുന്ന ജാലകങ്ങൾ' (വാരാദ്യമാധ്യമം ലക്കം: 1611) യഥാർഥ ജീവിതങ്ങളെ കുറിച്ചാണ് സംസാരിക്കുന്നതെങ്കിലും ഒരു കഥ വായിക്കുന്ന പോലെയാണ് തോന്നിയത്. കഥ വായിക്കുന്ന ലാഘവത്തോടെ വായിച്ചുതള്ളേണ്ടതല്ലെന്ന് വായിച്ചുകഴിഞ്ഞപ്പോൾ മനസ്സിലാവുകയും ചെയ്തു.  വൃദ്ധസദനങ്ങളെയും അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെയും സംബന്ധിച്ച ചർച്ചകൾ നടക്കട്ടെ. അവിടങ്ങളിൽ എത്തിപ്പെട്ടവർക്കുവേണ്ടി നമുക്കെന്ത് ചെയ്യാനാകും എന്നതിൽ കൂടി സന്നദ്ധസംഘടനകളും കൂട്ടായ്മകളും വ്യക്തികളും ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. ഫീച്ചറിൽ പേര് പരാമർശിക്കാത്ത ആ കുടുംബങ്ങളാണ് ഇത്തവണ വിഷു ഏറ്റവും മനോഹരമായി ആഘോഷിച്ചത് എന്ന് നിസ്സംശയം പറയാം.

രഘു പി.എൻ, മാധവനിവസ്
പയ്യാമ്പലം

### സീറോയിൽനിന്ന് ഹീറോയിലേക്ക്

വാരാദ്യമാധ്യമം ലക്കം: 1610ൽ ഐ.എം. വിജയൻ എന്ന ഫുട്ബാൾ  ഇതിഹാസത്തിൻെറ വളരെ പ്രചോദനം നൽകുന്ന ജീവിത ചിത്രം വായിച്ചു. ഓരോ വിജയത്തിന് പിന്നിലും വെല്ലുവിളിയുടെയും വീർപ്പു മുട്ടലിൻെറയും കഥയുണ്ടെന്ന് അദ്ദേഹത്തിൻറ ജീവിതത്തിൽ നിന്നും മനസ്സിലാക്കാം. നിശ്ചയദാർഢ്യംമൂലം കളിപ്പന്തിനെ കാൽക്കീഴിലാക്കി ഇന്ത്യൻ ഫുട്ബാളിലെ പകരക്കാരനില്ലാത്ത ഇതിഹാസമാകാൻ അദ്ദേഹത്തിന് സാധിച്ചു.

റിയ അഷ്റഫ്
കുനിയിൽ മലപ്പുറം

### അശ്ലീലം ഈ ശീലം

വാർധക്യം വൃദ്ധസദനങ്ങളിൽ കഴിച്ചുകൂട്ടേണ്ടതാണെന്ന ധാരണ മലയാളികൾക്കിടയിൽ ശക്തമായി വരുകയാണ്.  മലയാളികൾ എന്ന് ഊന്നിപ്പറയാൻ കാരണങ്ങളുണ്ട്. സ്നേഹത്തിൻെറയും സമാധാനത്തിൻെറയും പ്രതീകമായാണ് മലയാളികൾ നാം കേരളത്തെ അവതരിപ്പിക്കാറുള്ളത്. തൽസ്ഥാനത്തുതന്നെ ഇത്തരം കൊള്ളരുതായ്മകൾ നടക്കുന്നു. വാർധക്യത്തിലെത്തിയ മാതൃത്വത്തിന് തണലേകാൻ ചേർത്തുപിടിക്കുന്നത്  സ്വന്തം മക്കളല്ല എന്നതു തന്നെ മാതാപിതാക്കളോടുള്ള കൊടും കൊള്ളരുതായ്മയല്ലേ. സർക്കാർ സംവിധാനങ്ങൾ വൃദ്ധസദനങ്ങൾ കെട്ടിപ്പൊക്കുന്നതിനു പകരം ജനങ്ങൾക്ക് ശരിയായ ദിശാബോധമാണ് നൽകേണ്ടത്. വാർധക്യത്തെ ഭാരമായി കാണുന്ന മക്കളോടുള്ള മാതാപിതാക്കളുടെ പ്രതീക്ഷകളും ആഗ്രഹങ്ങളും കാത്തിരിപ്പുകളും സമകാലികമായി ലളിതമായി അവതരിപ്പിക്കുകയാണ് 'പതിയെ തുറക്കുന്ന ജാലകങ്ങൾ' (വാരാദ്യമാധ്യമം ലക്കം: 1611)

സയ്യിദ് ഖുതുബ് സുലൈമാൻ
പാലക്കാട്

### കൂടുതൽ പംക്തികൾ വേണം

ഏറെ നാളായി എഴുതണമെന്ന് കരുതുന്നു. ഇപ്പോഴാണ് സാധിച്ചത്. വാരാദ്യമാധ്യമം ഓരോ ലക്കവും വ്യത്യസ്ത തരം അനുഭവങ്ങൾ വായനക്കാർക്ക് സമ്മാനിക്കുന്നു. കഥകളും കവിതകളും ലേഖനങ്ങളും തുടങ്ങി ഓരോ രചനകളും ഒന്നിനൊന്ന് മെച്ചം. വിനീത് എസ്. പിള്ളയുടെ വരകൾ എടുത്തുപറയേണ്ട ഒന്നാണ്. എഴുത്തിനൊപ്പം ഉള്ള  ഇത്തരം ജീവൻ തുടിക്കുന്ന ചിത്രങ്ങൾ  വായനക്കാരുടെ മനസ്സിൽ എന്നെന്നും നിലനിർത്താൻ സഹായിക്കുന്നു. കുറച്ചുകൂടി പംക്തികൾ ഉണ്ടായിരുന്നെങ്കിലെന്നാഗ്രഹിക്കുന്നു.

സഹീന,  പതിനാറാം മൈൽ
തോന്നയ്ക്കൽ.

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും
രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം,
വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12


● ചിത്രീകരണം: സജീവ് കീഴരിയൂർ

# നുറുങ്ങ്കഥകൾ

**ശശിധരൻ ഫറോക്ക്**

## ഗൃഹപ്രവേശം

പുതിയ വീടിന്റെ എല്ലാ മുറിയിലും കയറിയിറങ്ങിയ അച്ഛൻ ചോദിച്ചു. 'മുറികളിലെല്ലാം വെയിസ്റ്റ് ബാസ്കറ്റ് ഉണ്ട്. നല്ലത്. എന്റേതിൽ എന്തേയില്ലാത്തത്? മകൻ ഒന്നു ചിരിച്ചതേയുള്ളൂ. മുതിർന്ന പേരക്കുട്ടി കണ്ണിറുക്കി പുഞ്ചിരിച്ചു.

●

## നര

വിരലുകൾ കൊടിലാക്കി നര പിഴുതുമാറ്റാൻ തുനിയുന്നതിനിടെ അവൾ കണ്ണാടിക്കു മുന്നിൽ വന്നുനിന്നു വിലക്കി.

'നരനായാട്ട് വേണ്ട ചേട്ടാ. നര ചിലർക്ക് ഒരു അന്തസ്സാണ്'

'എന്നു മുതൽ' അയാൾ തലതിരിക്കാതെ തിരക്കി

'ഇനി മുതൽ' ചൂണ്ടുവിരൽ സിന്ദൂരപ്പൊട്ടിലേക്ക് ചാഞ്ഞ ഒന്നുരണ്ട് നരച്ച മുടിയിലേക്ക് ചൂണ്ടി അവൾ ചുണ്ടനക്കി.

അയാൾ ചുണ്ടുകോട്ടി ചിരിച്ചു.

അവൾ ചുണ്ടിൽ പുഞ്ചിരി പുരട്ടി.

●

## വഴുക്ക്

വളരെ മിനക്കെട്ടാണ് ഒച്ച് ഇഴഞ്ഞിഴഞ്ഞ് ഉച്ചിയിലെത്തിച്ചേർന്നത്. ഇനിയും ആരും അങ്ങോട്ട് എത്തിപ്പെടരുതെന്ന് കരുതി അത് കയറിപ്പറ്റിയ വഴിയിലെല്ലാം വഴുക്ക് വിസർജിച്ചു വെച്ചു.

●

ഓർമ

**അടുത്തിടെ അന്തരിച്ച ചിത്രകാരനും സംഗീത നിരൂപകനുമായിരുന്ന ഇ.കെ. ജയചന്ദ്രനെ ഓർമിക്കുകയാണ് ലേഖകൻ**

# തപോമയൻ ഈ സംഗീതസാക്ഷി

**എം. സുധാകരൻ**

ജയചന്ദ്രനെ ആദ്യമായി കണ്ടതെപ്പോഴാണ് എന്ന് ചോദിച്ചാൽ അറിയില്ല. കോളജിൽ പഠിക്കുന്ന കാലം തൊട്ടേ പരിചയമുണ്ട്. അന്ന് അവൻ നന്നായി ചിത്രങ്ങൾ വരക്കുമായിരുന്നു. കാരിക്കേച്ചറുകളും കാർട്ടൂണുകളും. ഇതൊന്നും അന്ന് എനിക്കറിയില്ലായിരുന്നു. ഇടക്ക് ടൗണിൽ വെച്ച് കാണും. പരസ്പരമുള്ള പുഞ്ചിരിയിൽ ലോഹ്യം ഒതുങ്ങുകയും ചെയ്യും.1984 മുതലാണ് കുറച്ചുകൂടി അടുപ്പമുണ്ടായത്. കണ്ടാൽ വല്ലതും സംസാരിക്കും, അത്രമാത്രം. 1989ൽ ജയചന്ദ്രൻ ഒരു ദിവസം ഉച്ചക്ക് അയ്യപ്പനൊന്നിച്ച് ഞാൻ ജോലി ചെയ്തിരുന്ന ഓഫിസിൽ കയറിവന്നു. അയ്യപ്പനെ കണ്ടാൽ എനിക്കറിയുമായിരുന്നില്ല. വായിച്ചറിവുകളും കേട്ടറിവുകളുമേ ഉണ്ടായിരുന്നുള്ളൂ. ജയചന്ദ്രൻ പറഞ്ഞു.

'ഇത് എ. അയ്യപ്പൻ. ഇതിലെ പോകുമ്പോൾ ഒന്നു കാണണമെന്ന് കരുതി വന്നതാണ്'. ഓഫിസിൽനിന്ന് പുറത്തിറങ്ങിയപ്പോൾ അയ്യപ്പൻ എന്നെ കെട്ടിപ്പിടിച്ചു. പിന്നീട് ചെലവഴിച്ച കുറച്ചു മണിക്കൂറുകൾക്കുള്ളിൽ ഞങ്ങൾ വളരെ അടുത്തുകഴിഞ്ഞിരുന്നു. പക്ഷേ, അപ്പോഴും ജയചന്ദ്രൻ ഒരു ദൃക്സാക്ഷിയെപ്പോലെയായിരുന്നു നിന്നതും ഇരുന്നതും ഒക്കെ. മാസങ്ങൾക്കുശേഷം അതേപോലെതന്നെ ഒരു ഉച്ചനേരത്ത് ഓഫിസിലേക്ക് കയറിവന്നു. അയ്യപ്പൻ എന്നോട് പറഞ്ഞു. 'എനിക്കൊരു നാൽപത്തിയഞ്ചു ഉറുപ്പിക വേണം'. 'അതെന്താണ് അയ്യപ്പാ ഒരു നാൽപത്തിയഞ്ചിന്റെ കണക്ക്? എന്നാലത് അൻപത് തികച്ചായിക്കൂടേ'?


● ഇ.കെ. ജയചന്ദ്രൻ

'അത് വേണ്ട. എനിക്ക് നാൽപത്തിയഞ്ച് ഉറുപ്പികയേ വേണ്ടൂ. അഞ്ചുറുപ്പികക്ക് അഞ്ചുറുപ്പികയുടെ വിലയുണ്ടല്ലോ?'. 'എവിടെക്കാണ് ഇന്നത്തെ യാത്ര'? -ഞാൻ ചോദിച്ചു.

'എനിക്കൊരു മനുഷ്യനെ കാണാനുണ്ട്' അയ്യപ്പൻ പറഞ്ഞു. അന്നും ഉച്ചക്കുശേഷം ലീവെടുത്ത് ഞാൻ അയ്യപ്പന്റെ കൂടെ ഇറങ്ങി. നിരത്തിൽനിന്ന് ഒരു ഓട്ടോറിക്ഷ പിടിച്ചു. ഏതുവഴി പോകണമെന്ന് ഡ്രൈവറോട് പറഞ്ഞതൊക്കെ അയ്യപ്പനാണ്. ഇയാൾക്കീ നാട്ടിൽ ഈവഴികളൊക്കെ എത്ര ഹൃദിസ്ഥം എന്ന് ഞാൻ അത്ഭുതപ്പെട്ടു. ഓട്ടോറിക്ഷ ചെന്ന് നിർത്തിയത് ജയചന്ദ്രന്റെ വീടിനു മുന്നിൽ. അതും ഞാനാദ്യമായി കാണുകയായിരുന്നു. മുറ്റത്ത് നിൽക്കുന്ന ജയചന്ദ്രനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അയ്യപ്പൻ പറഞ്ഞു 'ഇതാണ് ഞാൻ പറഞ്ഞ മനുഷ്യൻ'. അയ്യപ്പൻ തമാശ രൂപത്തിൽ പറഞ്ഞതല്ല. പറഞ്ഞത് അക്ഷരാർഥത്തിൽ ശരിയാണെന്ന് ബോധ്യമായത് ഏറക്കാലത്തിനുശേഷമാണ്. അപ്പോഴേക്കും അയ്യപ്പൻ ഈ ഭൂമിയിൽ ഉണ്ടായിരുന്നില്ല. അയ്യപ്പൻ അന്ന് പറഞ്ഞതുപോലെയായിരുന്നു ജയചന്ദ്രൻ. മനുഷ്യൻ. എല്ലാവിധ കണക്കുകൂട്ടലുകൾക്കും വിവരണങ്ങൾക്കും ഉപരിയായി നിൽക്കുന്ന ഒരു മനുഷ്യൻ.

പിൽക്കാലത്ത് അവൻ പ്രഗല്ഭനായ സംഗീത നിരൂപകനായി. 2019 ഏപ്രിൽ 15ാം തീയതി ബംഗളൂരുവിൽനിന്ന് അവൻ നാട്ടിലെത്തി. രാത്രി 9.45ന് ഹൃദയാഘാതത്തിൽ ഈ ഭൂമിയിൽനിന്നും യാത്രയായി. ജയചന്ദ്രന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു അന്തരിച്ച കെ. ജയചന്ദ്രൻ. ഒരുപക്ഷേ അവനിൽ ഏറെ സ്വാധീനം ചെലുത്തിയ ഒരാളും ജയചന്ദ്രനായിരിക്കണം. രണ്ട് ജയചന്ദ്രന്മാർ! കെ. ജയചന്ദ്രന്റെ നിർബന്ധത്താലാവണം അവൻ 1989ൽ 'മാധ്യമം' വാർഷികപ്പതിപ്പിൽ തന്റെ ചിത്രങ്ങളുമായി പ്രത്യക്ഷപ്പെട്ടത്. ജമാൽ കൊച്ചങ്ങാടിയായിരുന്നു അന്ന് പത്രാധിപർ. അദ്ദേഹത്തിന് എങ്ങനെയാണ് ഇ.കെ. ജയചന്ദ്രൻ എന്ന ചിത്രകാരനെ കണ്ടെത്താൻ കഴിഞ്ഞതെന്നറിയില്ല. അന്ന് കഥകൾക്കുവേണ്ടി അവൻ വാർഷികപ്പതിപ്പിൽ വരച്ച ചിത്രങ്ങൾ അസാമാന്യ ഭംഗിയുള്ളവയായിരുന്നു. കൂട്ടത്തിൽ എന്റെ ഒരു കഥയും ഉണ്ടായിരുന്നു. ജയചന്ദ്രന്റെ ആദ്യത്തെയും അവസാനത്തെയും 'മാധ്യമ'രംഗപ്രവേശം. പിന്നീടവൻ ഒരു പത്രത്തിലും വാരികയിലും വരച്ചിട്ടില്ല. ആയിരമായിരം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. പക്ഷേ, ഒന്നുപോലും പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്നുമാത്രം. എന്തുകൊണ്ട് അവൻ തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടി എന്നറിയില്ല. കലാകാരനായിരിക്കുക എന്നതിനപ്പുറം ഒരു മനുഷ്യനായിരിക്കുക എന്നതിന് മാത്രം പ്രാധാന്യം കൊടുത്തതുകൊണ്ടാണോ ആവോ? അറിയില്ല. പ്രദർശനപരത ഒരിക്കലും തന്റെ വാക്കുകളിൽപോലും തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു യഥാർഥ കലാകാരനായിരുന്നു ജയചന്ദ്രൻ. വായനയിലും ചിത്രരചനയിലും എന്നപോലെതന്നെ സംഗീതത്തിലും ജയചന്ദ്രനുണ്ടായിരുന്ന പാണ്ഡിത്യം ആരെയും വിസ്മയിപ്പിക്കുന്നതാണ്. ഏത് സിനിമാഗാനത്തെപ്പറ്റി ചോദിച്ചാലും എഴുതിയ ആൾ, പാടിയ ആൾ, സംഗീത സംവിധാനം ചെയ്ത ആൾ, ഏത് സിനിമ, ഏത് രംഗം എന്നുവേണ്ട ആ ഗാനത്തിന്റെ മുഴുവൻ ചരിത്രവും അവൻ പറഞ്ഞുതരും. എന്റെ ലോകം എന്ന വെബ്സൈറ്റിൽ pixelbluelines എന്ന അപരനാമത്തിൽ അവൻ എഴുതിയ നിരവധി ലേഖനങ്ങളുണ്ട്. സംഗീതവും ചിത്രവും സാഹിത്യവും ഒക്കെ ആസ്വദിച്ച് ജീവിച്ചിരുന്ന ജയചന്ദ്രൻ എന്തുകൊണ്ട് തന്നിലേക്ക് മാത്രമൊതുങ്ങി എന്നതിനൊന്നും ഉത്തരമില്ല. എവിടെവെച്ചും വിലപിടിപ്പുള്ള എന്തുകണ്ടാലും ശേഖരിക്കുന്ന സ്വഭാവക്കാരനായിരുന്നു അവൻ. ശരിക്ക് പറഞ്ഞാൽ സ്വയംതന്നെ (വായിച്ചവയുടെ ഓർമകളുടെ) ഒരു നിഘണ്ടുവുമായിരുന്നു അവൻ.

കോളജിൽ പഠിക്കുന്ന കാലത്ത് അവന്റെ അടുത്ത സുഹൃത്തുക്കളിൽ ഒരാളായ രാമകൃഷ്ണനും അവനും കൂടി കണ്ണൂരിലേക്ക് പോയതാണ്. അവിടെ ഒരു ചായപ്പീടികയിൽ കയറി. അവിടെനിന്ന് ചായ കുടിക്കുമ്പോൾ ചെറിയ പിടികയുടെ മുകൾഭാഗത്ത് ധാരാളം വീക്ക്ലികളുടെ കെട്ടുകൾ കണ്ടു. മാതൃഭൂമിയുടെയും കലാകൗമുദിയുടെയും കെട്ടുകൾ. അവരിരുവരും അതേക്കുറിച്ച് തിരക്കിയപ്പോൾ ചായക്കടക്കാരൻ പറഞ്ഞു. 'പറ്റിയ ഒരാളെ കണ്ടാൽ ഇത് കൈമാറണമെന്ന് കരുതിയിരിക്കയാണ് ഞാൻ. ചായക്കടക്കാരന്റെ സമ്മത പ്രകാരം രാമകൃഷ്ണൻ പീടികയുടെ വിട്ടത്തിൽ കയറി വീക്ക്ലികൾ മുഴുവൻ വലിച്ചിട്ടു. ചായയുടെ പൈസ കൊടുത്തു. അതവിടെനിന്ന് കൊണ്ടുപോകാൻ അവരുടെ കൈയിൽ പൈസയില്ലായിരുന്നു. ബസിന് മടക്ക യാത്രക്കുള്ള പൈസ മാത്രമേയുള്ളൂ. രണ്ടാഴ്ച കഴിഞ്ഞാണ് അതവിടെനിന്ന് എടുത്തുകൊണ്ടുപോയത്. അവയൊക്കെ ഇപ്പോഴും അവന്റെയോ രാമകൃഷ്ണന്റെയോ ശേഖരണത്തിലുണ്ടാവും. ജയചന്ദ്രന്റെ സ്വഭാവത്തെപ്പറ്റി സൂചിപ്പിക്കാൻ പറഞ്ഞുവെന്നേയുള്ളൂ.

ജയചന്ദ്രൻ എന്ന ഈ സ്വഭാവക്കാരനെയോ സംഗീതാസ്വാദകനെയോ വലിയ വായനക്കാരനെയോ ചിത്രകാരനെയോ ഒന്നും അവന്റെ അയൽക്കാർക്കുപോലും അറിയാൻ സാധ്യതയില്ല. ഒരു ചെറു പുഞ്ചിരിയിലപ്പുറം സംസാരിക്കുന്ന ശീലവും അവനുണ്ടായിരുന്നില്ല. എന്നാൽ, അടുപ്പമുള്ളവരുമായി ഫോണിലൂടെ മണിക്കൂറുകളോളം സംസാരിക്കുകയും ചെയ്യും.

അവന് എഴുത്തുകാരായ നിരവധി സുഹൃത്തുക്കളുണ്ടായിരുന്നു. അവരുമായുള്ള അവന്റെ ബന്ധങ്ങളുടെ പലവിധ കഥകൾ കേട്ട് അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. ചിരിച്ചു ചിരിച്ച് കണ്ണീർ പൊഴിച്ചുപോയിട്ടുമുണ്ട്. അത്രമാത്രം വിചിത്രമായിരുന്നു കേട്ട കഥകളിൽ ചിലതൊക്കെ. അവൻ പറഞ്ഞുകേട്ട അനുഭവങ്ങൾ എഴുതിയാൽ കണ്ണു തള്ളിപ്പോവും. ചിലപ്പോൾ കണ്ണുകൾ നിറഞ്ഞുപോവുകയും ചെയ്യും. അവന്റെ വർത്തമാനങ്ങളിൽ കടന്നുവന്നവരിൽ പല സംഗീതജ്ഞരും ചിത്രകാരന്മാരും എഴുത്തുകാരും ഉണ്ടായിരുന്നു. അതേപോലെ കേട്ടറിവില്ലാത്ത, അവൻ ഇതേവരെ കണ്ടിട്ടില്ലാത്ത നിരവധി സുഹൃത്തുക്കളും അവനുണ്ടായിരുന്നു. തപോമയനായ ഈ ചിത്രകാരന്, വായനക്കാരന്, സംഗീതാസ്വാദകന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അവനെ ഒന്ന് പരിചയപ്പെടുത്തി എന്നു മാത്രം.

●

വായന

**വേദനിക്കുന്നവരുടെ കണ്ണീരൊപ്പാൻ സ്വജീവിതം ഉഴിഞ്ഞുവെച്ച ഒരു നഴ്സിന്റെ ജീവിതം പറയുന്ന നോവൽ**

# സാന്ത്വനത്തിന്റെ തണൽ മുഖങ്ങൾ

**എം.എം. വിനായകൻ**

ഏതൊരു പ്രസ്ഥാനത്തിന്റെയും മൗലികമായ ഘടകമാണ് ദർശനം. മനുഷ്യർ നേരിടുന്ന പ്രതിസന്ധികളെ വിശദമായി പഠിക്കാനും പരിഹരിക്കാനും ഇത്തരം ദർശനങ്ങൾക്ക് കഴിയണം. സാമൂഹിക ജീവിതത്തിലെ മനുഷ്യർക്ക് ആകസ്മികമായി സംഭവിക്കുന്ന ദുരന്തങ്ങളെ നീക്കം ചെയ്യാൻ കഴിയുന്ന ദർശനത്തിന്റെ പൂർണ രൂപമാണ്, സൗദി അറേബ്യയുടെ കിഴക്കൻ പ്രവിശ്യയായ ബുഖേരിയിൽ രൂപവത്കൃതമായ നവയുഗം സാംസ്കാരികവേദി. അതിന്റെ നേതൃസ്ഥാനം ഏറ്റെടുത്തു ഒരു വ്യാഴവട്ടക്കാലം നിരാലംബരും നിസ്സഹായരുമായവരുടെ കെട്ടുപിണഞ്ഞ ദുരിതങ്ങൾക്ക് നിയമപോരാട്ടത്തിലൂടെ പരിഹാരം കണ്ടെത്തിയ സഫിയ എന്ന നഴ്സിന്റെ ജീവിതകഥയാണ് സബീന എം. സാലി രചിച്ച 'തണൽപ്പെയ്ത്ത്' എന്ന നോവൽ. ചെറിയ ചെറിയ വാക്യങ്ങളിലൂടെ അപ്രധാന വിഷയങ്ങളിലേക്കു കടന്നുപോകാതെ ഭാവഭദ്രമാക്കിയ ഈ നോവലിൽ സഫിയയുടെ കുട്ടിക്കാലം മുതലുള്ള ജീവചരിത്രമാണ് നോവലിന്റെ ഘടനയിലൂടെ ശ്രീമതി സബീന രചിച്ചിരിക്കുന്നത്.



**തണൽപ്പെയ്ത്ത്**
സബീന എം. സാലി
കൈരളി ബുക്സ്
പേജ്: 208, വില: 220


കേരളത്തിന്റെ ഗ്രാമീണ പശ്ചാത്തലത്തിൽ ഒരു പഴയ കർഷക കുടുംബത്തിലാണ് സഫിയ എന്ന ശോഭ ജനിച്ചത്. ആചാരവിശേഷങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും ഉൾക്കൊള്ളുന്ന ഹൈന്ദവ കുടുംബത്തിൽ ജനിച്ച ശോഭ, പ്രിയപ്പെട്ട മുത്തശ്ശി ലാളനയോടെ പറഞ്ഞുകൊടുത്ത കഥകൾ കേട്ടാണ് വളർന്നത്. എന്നാൽ, ഇന്ത്യയുടെ മഹാനഗരത്തിൽ നഴ്സായി ജോലിക്കെത്തുന്ന ശോഭ, അദമ്യമായ പ്രണയാവേശത്തിൽ ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധ കാമനകളെ സംലയിപ്പിക്കുന്നതിന് മനസ്സിന്റെ വേലിക്കെട്ടുകൾ ബാധകമാകാതിരിക്കാൻ ഇസ്ലാം മതം സ്വീകരിക്കുന്നു. വിശുദ്ധ വാപകം ചൊല്ലി ഏറ്റവും പരിശുദ്ധമായവൾ എന്നർഥം വരുന്ന സഫിയ എന്ന പേര് സ്വീകരിക്കുന്നതിലൂടെ ശോഭ എന്ന പെൺകുട്ടി സഫിയ എന്ന വിശ്വാസിനിയിലേക്ക് ആത്മാവ് സ്നാനം ചെയ്യപ്പെടുകയായിരുന്നു. ഏറെ താമസിയാതെ സഫിയ മറ്റൊരു രാജ്യത്തേക്ക്, അറേബ്യയിലെ ദനാർ ഗവൺമെന്റ് ആശുപത്രിയിൽ നഴ്സായി ജോലി കിട്ടി പോകുന്നു. എല്ലാവർക്കും നഴ്സ് എന്നത് ജോലിയായിരുന്നെങ്കിൽ സഫിയക്ക് സമർപ്പണവും ആരാധനയുമായിരുന്നു. ഈ സമർപ്പണത്തിലൂടെ ആവശ്യക്കാരുടെ ആവശ്യങ്ങളും പരാതിക്കാരുടെ പരിഹാരവുമായി സഫിയ എന്ന നഴ്സ് സേവനത്തിലൂടെ രൂപാന്തരപ്പെടുന്നു. ഈ ജീവിതത്തിനിടയിലാണ് അവൾ സൗദിയിലെ ബുഖേരിയിലെത്തുന്നത്. സഫിയയുടെ ഒരു വഴിത്തിരിവായി അത് മാറുന്നു. സൗദി അറേബ്യയിൽ ജീവിതം തേടി എത്തപ്പെടുന്ന നിരവധി സ്ത്രീ പുരുഷന്മാർ ഏജൻറുമാരുടെ ചതിയിൽപെട്ടും, ഉടമകളായ അറബികളുടെ നിഷ്ക്രൂരമായ പീഡനങ്ങൾ ഏറ്റ് യാതനകളും വേദനകളും അനുഭവിക്കുന്നു. നൂറുകണക്കിന് ആളുകൾ ചെയ്യാത്ത കുറ്റത്തിന് ജയിലിൽ അടക്കപ്പെടുന്നു. അവരുടെ നിലവിളികൾ ആരു കേൾക്കാൻ!

അത്തരം നിർഭാഗ്യവാന്മാരായ മനുഷ്യരിലേക്കാണ് സ്നേഹസ്പർശവുമായി, ഒരു മാലാഖയെപ്പോലെ സഫിയ കടന്നുചെന്നത്. അവിടെ നിലവിലുണ്ടായിരുന്ന സാംസ്കാരിക വേദിയുടെ നേതൃസ്ഥാനം ഏറ്റെടുത്തുകൊണ്ട്, കടുത്ത നിയമസംഹിതകളുള്ള സൗദിയിലെ ഭരണാധികാരികൾപോലും ശ്രദ്ധിക്കപ്പെടുന്ന ശബ്ദത്തിൽ കാര്യകാരണങ്ങൾ സംസാരിക്കാനുള്ള ധൈര്യത്തിലും ചങ്കൂറ്റത്തിലും സഫിയ കരുത്തുറ്റ സ്ത്രീയായി മാറുന്നു, കാരുണ്യം വഴിയുന്ന പ്രവർത്തകയായി മാറുന്നു.

ഉജ്ജ്വലവും വൈവിധ്യപൂർണവുമായ സഫിയയുടെ ഈ ജീവിതകാലഘട്ടത്തിലാണ് മാരകമായ കാൻസർ രോഗത്തിന് അടിമയാകുന്നത്. സാഹസികതയുടെയും ശാന്തതയുടെയും രോഗവേദനകളുടെയും സമന്വയമായിരുന്നു കർമധീരയായ സഫിയ. ഈ കർമധീരയുടെ വ്യക്തിത്വത്തിന്റെ വിഭിന്ന മുഖങ്ങളെ അനാവരണം ചെയ്യുന്നതാണ് പ്രവാസി ജീവിതം നയിക്കുന്ന സബീന രചിച്ച ഈ നോവൽ. സഫിയയുടെ ത്യാഗദീപ്തവും നിസ്വാർഥവും ലളിതവും സൗമ്യവും കർമവ്യഗ്രഹവുമായ ജീവിതത്തിലേക്ക് എത്തിനോക്കാൻ ഈ കൃതി സഹായകരമായിരിക്കുന്നു.


●

പുസ്തകം




**അലയടിക്കുന്ന വാക്ക് (ലേഖനം)**
സുനിൽ പി. ഇളയിടം
പേജ്: 318, വില: 320.00
ഡി.സി. ബുക്സ്

കീഴാള ജനാധിപത്യത്തിന്റെ തുറസ്സിലേക്ക് നടന്നടുക്കുന്ന ജനസഞ്ചയത്തിന്റെ രാഷ്ട്രീയം ലളിതവും വിശദവുമായി അവതരിപ്പിക്കുന്ന പഠനം.



**പെൺരാമായണം (കഥ)**
ആനന്ദ് നീലകണ്ഠൻ
പേജ്: 101, വില: 110.00
മാതൃഭൂമി ബുക്സ്

എഴുത്തുകാരന്റെ ആദ്യ മലയാള കഥാസമാഹാരം. രാമായണത്തിന്റെ സ്ത്രീകഥാപാത്രങ്ങളെ ഉപജീവിച്ച് എഴുതിയ മൂന്ന് ലഘുകഥകളാണ് ഇതിൽ.




**മിസ്സ് ലൈല (നോവൽ)**
മനു ജോസഫ്
വിവ: മാനിനി മുകുന്ദ്
പേജ്: 200, വില: 199.00
ഡി.സി. ബുക്സ്

സമകാലിക ഇന്ത്യയുടെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തെ കറുത്ത ഹാസ്യത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുകയാണ് നോവലിസ്റ്റ്. സീരിയസ് മെനിന് ശേഷമുള്ള എഴുത്തുകാരന്റെ പുതിയ നോവൽ.




**ആച്ചുട്ടിത്താളം (നോവൽ)**
സീനത്ത് ചെറുകോട്
പേജ്: 135, വില: 140.00
വചനം ബുക്സ്

അവഗണനയുടെ കുടുംബ-സാമൂഹിക ഘടനയിൽനിന്ന് സ്വപ്രയത്നത്തിലൂടെ കുടുംബത്തെയും സമൂഹത്തെയും വീണ്ടെടുക്കുന്ന ഒരു പെൺകുട്ടിയുടെ ജീവിതം പറയുന്ന നോവൽ. ഡോ. ജമീൽ അഹ്മദിന്റെ അവതാരിക.



**പ്രണയപാഠങ്ങൾ (കവിത)**
വി.ആർ. സുധീഷ്
വിവ: സജയ് കെ.വി
പേജ്: 215, വില: 210.00
ഡി.സി. ബുക്സ്

കഥയും കവിതയും മേളിക്കുന്ന 'കാവ്യകഥ'കളാണ് ഇതിൽ. പ്രണയിയുടെ സൂക്ഷ്മഭാവങ്ങളെയും വിചാരങ്ങളെയും തീവ്രമായി വാക്കുകളിലേക്ക് വിവർത്തനം ചെയ്യുകയാണ് എഴുത്തുകാരൻ.





**നെടുവീർപ്പുകളുടെ പാലം (യാത്ര)**
ഒ.കെ. ശ്രീനിവാസൻ
പേജ്: 98, വില: 120.00
സ്പെൽ ബുക്സ്

കോഴിക്കോട് മെഡിക്കൽ കോളജിലെ പൂർവ വിദ്യാർഥികളായ ഒരു സംഘം യാത്രികരുടെ യൂറോപ്യൻ യാത്രയുടെ അനുഭവങ്ങൾ. ചരിത്രവും പശ്ചാത്തല കഥകളും ഉൾച്ചേർന്നുള്ള വിവരണം ഏറെ ശ്രദ്ധേയമാണ്.



**ദശമുഖം (നാടകം)**
എഡി: ദിജി ചാലപ്പുറം
പേജ്: 216, വില: 235.00
പൂർണ പബ്ലിക്കേഷൻസ്

പ്രദീപ് മണ്ടൂർ, ശ്രീജ ആറങ്ങോട്ടുകര, മഹ്മൂദ് പറശ്ശിനിക്കടവ്, ഗിരീഷ് കളത്തിൽ, പി.കെ. ദേവൻ, കെ.കെ. സുരേഷ്, കലേഷ് കെ.പി.എ.സി, ഗിരീഷ് ഗ്രാമിക, ടി.എൻ. ഷാജിമോൻ, ബിജു കെ. ചുഴലി എന്നിങ്ങനെ 10 നാടകകൃത്തുക്കളുടെ നാടകങ്ങൾ.



**കുഞ്ഞുവെളിച്ചങ്ങളുടെ ദ്വീപ് (ഓർമ)**
റഊസ് ഹിദായ
പേജ്: 87, വില: 100.00
പെൻഡുലം ബുക്സ്

ഉള്ളിൽ നന്മയുടെ തെളിനീരുമായി ഒഴുകിയെത്തുന്ന ചില മനുഷ്യരെ കുറിച്ച് എഴുതുകയാണ് സാമൂഹികപ്രവർത്തകൻ റഊസ് ഹിദായ. ഇരുട്ടുവീണ ഹൃദയം പ്രകാശഭരിതമാക്കുന്നു ഇതിന്റെ വായന. നജീബ് മൂടാടിയുടെ അവതാരിക.

മലയാളത്തിൻെറ ഏറ്റവും പുതിയ ഒരു തലമുറ എഴുതിത്തുടങ്ങിയിരിക്കുന്നു. മലയാള കവിതയുടെ ചലനാത്മകതയുടെ അടയാളമാണ് ഇവരുടെ കവിതകൾ

# പുതു കവിതയുടെ മണം

കെ.എം. റഷീദ്

### ചുരുങ്ങുമോ?

ആകാശം കുടകളെ സമ്മാനിക്കുന്നു
മഴത്തുള്ളികൾ അതിൻെറ കമ്പികൾ
ഉറുമ്പുകൾ അതു ചൂടുമോ?
ഇടിമിന്നലതിന് തിളക്കം നൽകും
കാറ്റതിനെ പറിച്ചിടുമോ?
പ്രകൃതിയുടെ കുട
അതുതന്നെ ചുരുക്കുമോ?



ഗൗതം കുമരനല്ലൂർ
ഒമ്പതാം തരം, എ.വി.എച്ച്. എസ്.എസ് പൊന്നാനി

പതിനാല് വയസ്സേയുള്ളൂ ഗൗതമിന്. പൊന്നാനി എ.വി. ഹയർസെക്കൻഡറി സ്കൂളിൽ ഒമ്പതാം തരം വിദ്യാർഥി. ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ മുതലേ ഗൗതം കഥകൾ എഴുതുമായിരുന്നു. പിന്നീട് കവിതകളായി തട്ടകം. അധ്യാപകനായ അച്ഛനിൽനിന്ന് കേട്ട കഥകളിൽനിന്നാണ് അവൻ സ്വന്തം കഥകളും പിന്നീട് കവിതകളും പറയാൻ തുടങ്ങിയത്. നാലോ അഞ്ചോ വരികളേ ഉണ്ടാവൂ. മരങ്ങളും മൃഗങ്ങളും ഒക്കെയാണ് കഥാപാത്രങ്ങൾ. അഞ്ചു വയസ്സുള്ള മകൻെറ കവിതകൾ പിതാവ് അപ്പപ്പോൾ എഴുതിവെക്കും. അക്കാലത്തേ അത് യുറീക്ക മാസികയിൽ പ്രസിദ്ധീകരിച്ചു വന്നു. ഇതടക്കം 25ഓളം കവിതകൾ 'കോഴിയുടെ കൂവൽ ഒരു ചെടിയാണ്' എന്ന പേരിൽ സമാഹാരമായി ഇറങ്ങാൻ പോവുകയാണ്. കവിതക്ക് അങ്കണം, നുറുങ്ങ് ശങ്കർ ചേരൂർ,സർഗസാഹിതി പുരസ്കാരങ്ങളും ഗൗതമിന് ലഭിച്ചിട്ടുണ്ട്.

മലയാളത്തിൽ ഏറ്റവും പുതിയ ഒരു തലമുറ എഴുതിത്തുടങ്ങിയിരിക്കുന്നു. ഗൗതം അടക്കം ഏറ്റവും പുതിയ ഒരു തലമുറ മലയാള കവിതയിൽ വ്യക്തിത്വം സ്ഥാപിച്ചുകൊണ്ടിരിക്കുന്ന എട്ടു പുതു കവികൾ പട്ടാമ്പിയിൽ നടന്ന ഈ വർഷത്തെ കവിതയുടെ കാർണിവലിൽ സംഗമിച്ചു. കെ. കാർത്തിക്, എസ്. രാഹുൽ, കെ.പി. റൊമീല, കാദംബരി, ആദിൽ മഠത്തിൽ, സുബിൻ അമ്പിത്തറയിൽ, സി. രേഷ്മ എന്നിവരായിരുന്നു മറ്റുള്ളവർ. മലയാള കവിതയുടെ ചലനാത്മകതയുടെ അടയാളമാണ് ഇവരുടെ കവിതകളെന്ന് കാർണിവലിൻെറ സംഘാടകനും കവിയുമായ പി. രാമൻ ചൂണ്ടിക്കാട്ടുന്നു. ഒരുപക്ഷേ, മറ്റു സാഹിത്യരൂപങ്ങളെക്കാൾ കവിതയിലാണ് ഈ മാറ്റം പ്രകടമാവുന്നത്. ഉറൂബിനോ കാരൂരിനോ ഇന്നത്തെ ഒരു കഥാകൃത്തിൻെറ കഥ കണ്ടാൽ മനസ്സിലാവാതെയൊന്നുമിരിക്കില്ല. പക്ഷേ, കുമാരനാശാനോ വള്ളത്തോളിനോ ഇന്നത്തെ ഒരു കവിയുടെ രചന കണ്ടാൽ മനസ്സിലാവില്ല. തിരിച്ചറിയുക പോലുമില്ല. അത്രയേറെ മാറിയിരിക്കുന്നു കവിത. ഈ ചലനാത്മകത ജീവനുണ്ട് എന്ന് പറയുന്നതിനുള്ള അടയാളം കൂടിയാണെന്ന് അദ്ദേഹം പറയുന്നു.

### അവിഹിതം

ഹൃദയത്തിൻെറ കോണിൽ
ആരോ ഒരു കൊടിമരം നാട്ടി
മനുഷ്യന് സ്വതന്ത്ര്യം ലഭിച്ചോർമക്ക്
ഞാനതിലൊരു കൊടി ഉയർത്തി
അതിനായിട്ടടിച്ചു ഞാനൊരു സല്യൂട്ടെങ്കിലും
അത് കാണാതെ
കൊടി കാറ്റുമായിട്ടവിഹിതം
പുലർത്തി




കെ. കാർത്തിക്
പ്ലസ്ടു, നടുവട്ടം ജനത എച്ച്.എസ്.എസ്

സ്വാതന്ത്ര്യം, ദേശീയത എന്നിവയൊക്കെ സംബന്ധിച്ച് വലിയവർക്ക് കാണാൻ കഴിയാത്ത ഒരു ലോകമുണ്ട് ഈ കവിതയിൽ. പച്ചയെപ്പറ്റി എനിക്ക്/നോവിൻെറ ഓർമ/കുട്ടിയിലെ സൂചിമുനകളെല്ലാം/പച്ചയിലല്ലേ കുത്തിയമർന്ന്/പൊട്ടിപ്പോയത് എന്ന് 'പച്ച' എന്ന കവിതയിലും കാർത്തിക് വ്യാകുലപ്പെടുന്നുണ്ട്.

### കല്ലറ

അവർ പകപോക്കി പിന്നാലെ നടക്കും
ചാടി വീഴും തല തുരന്ന്
ചിരി മഷി ചികഞ്ഞെടുത്ത് തട്ടിയുടയ്ക്കും
ഉറക്കത്തിൽ വന്ന് ഒളിഞ്ഞു നോക്കും
സ്വപ്നത്തിൽ വന്ന് മുട്ടിവിളിക്കും
അതെ! ഇനി മുതൽ ചത്തവന്
രണ്ടു കുഴിയെടുക്കണം
ഒന്നിലവനെയും
മറ്റൊന്നിൽ ഒട്ടും ബാക്കിയില്ലാതെ
അവൻെറ 'ഓർമ' യെയും
കുഴിച്ചു മൂടണം...



കെ.പി. റൊമീല
പ്ലസ്ടു, മങ്കര എച്ച്.എസ്.എസ് പാലക്കാട്

മരക്കൊമ്പിൽ കുരുക്കുമുറുക്കിപ്പിടിക്കുന്ന കാറ്റിനെയും നാടുവിടാനൊരുങ്ങിയ വെയിലിനെയും മരിക്കാനൊരുങ്ങിയ മഴയെയും കണ്ണുചിമ്മുന്ന താരകങ്ങളെയും കുറിച്ചും ഇവയെല്ലാം ചേർന്ന് മുറ്റത്ത് കുത്തിമറിയാൻ ഇമ്മിണി ബല്യൊരു ആകാശം പണിതതിനെയും കുറിച്ചും 'ഇമ്മിണി ബല്യ ആകാശം' എന്ന കവിതയിൽ റൊമീല വിസ്മയം കൊള്ളുന്നു.

### ദേഷ്യം കൊണ്ട് നിറഞ്ഞിട്ടുണ്ടോ?

ചുണ്ടിനു താഴെ പൊള്ളും
അത്രക്ക് തീയുള്ള വാക്കുകളാവും അതിനകത്ത്
കണ്ണുകൾ ചൊകക്കും
ഏതെല്ലാമോ ഞരമ്പുകൾ ഒരു മിന്നൽ പിണരേറ്റപോലെ
എഴുന്നേൽക്കും ഉടൽ വിറയ്ക്കും
ഉടലണിഞ്ഞ നമ്മൾ മാത്രം വിറയറിയും
പിന്നെ പതിയെ എല്ലാം ശമിക്കും
ചുണ്ടിന് താഴെ, താടിയുടെ ഒത്ത നടുക്ക്,
പറയാത്ത തെറി വാക്ക്
ഒരു പൊള്ളൽ പാട്



കാദംബരി
പ്ലസ്ടു, ഗവ. മോയൻസ് മോഡൽ ഗേൾസ് സ്കൂൾ,പാലക്കാട്

യാത്രയിൽ മരമായി പരിണമിച്ച മനുഷ്യനെക്കുറിച്ചാണ് കാദംബരിയുടെ മറ്റൊരു കവിത. തോളെല്ലുകൾ വികൃതമായ ചില്ലയായി മാറുന്നതും മൂങ്ങ അതിലൊരു പൊത്തുണ്ടാക്കുന്നതും അതിനകത്തിരുന്ന് മൂളുന്നതും ഭാവന ചെയ്യുന്നു.

പത്താം തരത്തിൽ പഠിക്കുമ്പോൾ 'ഷൂസു തുരന്ന കാൽവിരലുകൾ' എന്ന പേരിൽ കവിതാ സമാഹാരം ഇറക്കിയിട്ടുണ്ട്. 2017ൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കവിതക്ക് എ ഗ്രേഡ് ലഭിച്ചു.

### 18 നിഴലുകൾ

ശരീരത്തിൽ
വിസ്മരിക്കപ്പെട്ട
മിടിപ്പുകളുടെ
ഹൃദയം മുഴങ്ങുന്നു
നിഴലുകളുടെ ചെവിയിൽ
നിഴലുകളിൽ ഉയിരുതങ്ങുന്നു



ആദിൽ മഠത്തിൽ
പ്ലസ്ടു,ജി.എച്ച്. എസ്.എസ് മമ്പാട്

ശ്വാസത്തിൻെറ അഴിയലുകൾ കോർക്കുന്ന/ജീവൻെറ കണികകളിൽ തൊടുന്ന/വിരലിൽ തീനാളമെരിയുന്നു/ഉരുകിക്കൊണ്ടിരിക്കുന്നു/ചുവടുകളറിയാത്ത നൃത്തങ്ങളുടെ/താളം മുഴങ്ങുന്നു ചെവികളിൽ/ശരീരമില്ലാത്തൊരാത്മാവ്/മെഴുകുതിരിയിൽ കൊളുത്തപ്പെടുന്നു എന്നിങ്ങനെ അതിസൂക്ഷ്മമായ നിരീക്ഷണങ്ങളുണ്ട് ഈ കവിതയിൽ.

ശ്വാസോച്ഛ്വാസത്തിൽ സെക്കൻഡുകൾ എണ്ണിയെണ്ണി, ഓർമകൾ മാനത്ത് ഉറങ്ങാതെ നോക്കിനിന്ന, ക്ഷീണത്തിൽ വെറുപ്പിൽ തളർന്നൊരു രാത്രിയിൽ മരണം കടന്നുപോയതിനെക്കുറിച്ച് എഴുതുന്നു 'മരണം കടന്നുപോകുന്നു' എന്ന കവിതയിൽ. 'നേർത്ത മഴ പാറ്റൽ/ഇരുളു തുളുമ്പും മേഘങ്ങൾ/ജനാലയിലൂടെ കാണണം/നനഞ്ഞ തോർത്തു വിരിച്ച്/നിലത്തു കിടക്കണം ഞാൻ മരിക്കുമ്പോൾ' എന്ന് 'മരണത്തിൽ നിന്നുള്ള കവിതകളി'ലും ഈ കവി ആശിക്കുന്നുണ്ട്. 'മാധ്യമം' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 18 നിഴലുകൾ അടക്കം കവിതകളുടെ സമാഹാരം ഇറക്കാനുള്ള ഒരുക്കത്തിലാണ് ആദിൽ.

### പൂച്ചക്കുഞ്ഞ്

ഊമയായ് ജനിച്ചവരുടെ ഒച്ച
ഇതുപോലെ മറ്റെവിടെയോ
ജീവിക്കുന്നുണ്ടാവുന്ന് അപ്പോൾ തോന്നി
എന്നാലും ഓർക്കുമ്പോ
പിന്നേം സങ്കടം തന്നെയാണ് ,
കുറേക്കാലം വളർത്താൻ കൊണ്ടുവന്നിട്ട്
ഒരു ദിവസംപോലും
വളർത്താൻ
പറ്റാത്തതിൻെറ സങ്കടം
പൂച്ചക്കുഞ്ഞിനെപ്പോലെ
അത്ര കുഞ്ഞൊന്നുമല്ല



സുബിൻ അമ്പിത്തറയിൽ
പ്ലസ്ടു,
ഇടുക്കി കട്ടപ്പന

'സ്വന്തം ഇഷ്ടപ്രകാരം/പൂച്ചയെപ്പോലും സ്നേഹിക്കാൻ പറ്റാത്ത/സ്വന്തം വീടുണ്ടെന്നിരിക്കെ/ജനതയെ പൂച്ചക്കുഞ്ഞുങ്ങളാക്കി വളർത്തുന്ന/രാജ്യത്തിൻെറ കാര്യം പിന്നെ പറയണോ' എന്നാണ് ഈ കവിത അവസാനിക്കുന്നത് . 'നേരം വെളുക്കുമ്പോൾ കാണാം/മുറ്റമാകെ നനഞ്ഞ് കിടക്കുന്നത്/എനിക്കറിയാം മഴയൊന്നും പെയ്തിട്ടല്ലെന്ന്.../രാത്രിയിൽ വീടെന്നെ/കെട്ടിപ്പിടിച്ച് കരഞ്ഞിട്ടാണെന്ന്...' എന്ന് വീട് എന്ന കവിതയിൽ കവി തരളിതനാകുന്നു. 45 കവിതകൾ ചേർത്ത് 'സങ്കടം പൂച്ചക്കുഞ്ഞിനെപ്പോലെ അത്ര കുഞ്ഞല്ല' എന്ന സമാഹാരത്തിൻെറ പണിപ്പുരയിലാണ് സുബിൻ.

### എത്ര നേരമായി അവർ നോക്കിയിരിക്കുന്നു

രണ്ടു പേർ
ഇങ്ങനെ നോക്കിയിരിക്കുമ്പോഴാണ്
പെട്ടെന്ന്
ആരാണിവർ
ആരാണിവർ എന്ന്
വികാരങ്ങളിൽ നിന്ന്
ആധികളിൽ നിന്ന്
കണ്ണുകൾ നീളുന്നു...
ആയുധങ്ങൾ കൂർക്കുന്നു



എസ്.രാഹുൽ
എം.എ. ഇംഗ്ലീഷ്, തിരുവനന്തപുരം ആർട്സ് കോളജ്

രണ്ടുപേർ തമ്മിലുള്ള നോക്കിയിരിപ്പ് പ്രണയമാകാം, സൗഹൃദമാകാം എത്ര വേഗമാണ് ആയുധങ്ങൾ കൂർക്കുന്ന അവസ്ഥയിലേക്ക് എത്തുന്നതെന്ന് തുളക്കുന്ന ഭാഷയിൽ ചോദിക്കുന്നു ഈ കവിത.

'നേരം പരപരാന്ന് കറുക്കണ വൈകുന്നേരം' എന്ന ശ്രദ്ധേയമായ തൻെറ കവിതയിൽ കവലയിൽനിന്ന് ഇറച്ചി വാങ്ങി വരുമ്പോൾ അപ്പനെ കുറ്റിക്കാട്ടിൽവെച്ച് വെട്ടിനുറുക്കി വൃത്തിയായി പൊതിഞ്ഞ് വീട്ടിലേക്ക് വിട്ടത് അപ്പനാന്നറിയാതെ നന്നായി വേവിച്ച് വരട്ടി മൂക്കുമുട്ടെ തിന്ന് അപ്പനു കുറച്ച് മാറ്റിവെച്ചത് പറയുന്നുണ്ട്. 'എന്തോ അപ്പൻ വന്നില്ല/അപ്പനെങ്ങോട്ടോ പോയതാ/ബാക്കിവച്ച കഷണം/മൂലയിൽ ആറിയാറിയിരിപ്പുണ്ട്' എന്ന് നിഷ്കളങ്കമായാണ് കവിത അവസാനിക്കുന്നത്. കവിതക്ക് കെ.വി. അനൂപ് സ്മാരക പുരസ്കാരം, തിരുനല്ലൂർ കരുണാകരൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട് രാഹുലിന്.

### അകാലത്തിൽ

മരിച്ചുകഴിഞ്ഞ്
നമ്മെ മലർത്തിക്കിടത്തിയപ്പോൾ
ആകാശം മുറിച്ചുകടക്കുകയാണ് ഒരു മത്സ്യം
അതിൻെറ ചിറകിലുണ്ട്
ഉടനെ തുളുമ്പുമെന്ന് ഒരു കടൽ
കടലിൻെറ തിളപ്പിൽ
മുറുകെ പിടിച്ച് ഒരു ദ്വീപ്
അതിനു ചുറ്റും
ആർത്തികൊണ്ടുനീന്തുന്നുണ്ട് ഒരു പക്ഷി
ഓരോ തുഴച്ചിലിലും
അതിൻെറ ചെകിളയിൽ നിന്ന്
അടർന്നുപോരുന്നുണ്ട് ശ്വാസം
എനിക്ക് കരച്ചിൽ വരുന്നു.
അല്ല, നമ്മൾ മരിച്ചുപോയതുകൊണ്ടൊന്നുമല്ല



രേഷ്മ സി.
എം.ടെക്, കണ്ണൂർ പെരുമ്പടവ്

'ഈ നിമിഷം വരെ ചൂണ്ട കണ്ടിട്ടില്ല/കാണാത്തത് ഇല്ല എന്നേയല്ല/ചൂണ്ടയിൽ കുടുങ്ങുമ്പോൾ മാത്രമാണ്/മീനെന്ന നിലയിൽ വെളിപ്പെടുന്നത്/എന്നറിയാഞ്ഞിട്ടല്ല/ജീവനിൽ കൊതിയുണ്ടായിട്ടാണ്/കൊതിയെന്ന് കേൾക്കുമ്പോൾമുറിഞ്ഞ് എരിവ് പുതഞ്ഞ ഒരുടൽ/ഓർമവരുമെന്ന് അറിയാഞ്ഞിട്ടല്ല/ശരിക്കും ജീവനിൽ കൊതിയുണ്ടായിട്ടാണ്' എന്ന് 'പുഴമീൻ' എന്ന കവിത ഒരേസമയം മീനിൻെറയും ഉടലിൻെറയും സങ്കടങ്ങൾ പകർത്തുന്നു.

അനുഭവങ്ങളുടെ സത്തയിലേക്ക് ഇറങ്ങാൻ ശ്രമിക്കുന്നുവെന്നതാണ് ഈ കവിതകളുടെ സവിശേഷതയെന്ന് കവി പി. രാമൻ പറയുന്നു. വെറും പുറമെയുള്ള പരതലല്ല. അനുഭവങ്ങളുടെ ഉള്ളിലേക്ക് ഇറങ്ങുന്ന രീതിയാണിത്.

ഇന്ന് എഴുതപ്പെടുന്ന കവിതകളിൽനിന്ന് വ്യത്യസ്തമായി, വാക്കുകളുടെ ഉപയോഗത്തിലുള്ള സൂക്ഷ്മതയിലും വാചാലതക്കുറവിലും ശ്രദ്ധിക്കുന്നവരാണ് ഈ കവികളെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

